# പതിനാലാം കേരള നിയമസഭ
## പതിമൂന്നാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.592** **29.11.2018-ൽ മറുപടിയ്ക്ക്**

## റാന്നിയിൽ കിൻഫ്രയുടെ അപ്പാരൽ പാർക്ക്

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.രാജു എബ്രഹാം | ശ്രീ.ഇ.പി.ജയരാജൻ<br>(വ്യവസായവും കായികവും യുവജനകാര്യവും വകുപ്പ് മന്ത്രി) |
| എ) റാന്നിയിൽ കിൻഫ്രയുടെ അപ്പാരൽ പാർക്കിനായി എത്ര ഭൂമിയാണ് അനുവദിച്ചത്; ഏതുവർഷം; ഇതിന് പാട്ടക്കൂലി എത്രയാണ്; ഭൂമി ലഭിച്ചതു മുതൽ ഇതുവരെ അടച്ച പാട്ടത്തുക എത്രയെന്ന് വർഷം തിരിച്ച് വ്യക്തമാക്കാമോ; | എ) റാന്നിയിൽ അപ്പാരൽ പാർക്ക് സ്ഥാപിക്കുന്നതിനായി 1.40558 ഏക്കർ സ്ഥലമാണ് കിൻഫ്ര ഏറ്റെടുത്തിരിക്കുന്നത്. 01/03/2011 ലെ സർക്കാർ ഉത്തരവ് (എം.എസ്.) നം.135/2011/റവന്യൂ പ്രകാരമാണ് കിൻഫ്രക്ക് ഭൂമി കൈമാറിയിട്ടുള്ളത്.<br>പാട്ടത്തുക ഇനത്തിൽ 24,856 രൂപയാണ് ത്രിവർഷ പാട്ടത്തുകയായി 2011-12, 2012-13, 2013-14, 2014-15, 2016-17 & 2017-18 വർഷങ്ങളിൽ സർക്കാരിൽ അടച്ചത്. ഇതിന്റെ തീയതിയുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു. |

| വർഷം | തീയതി |
|---|---|
| 2011-12 | 08/08/2011 |
| 2012-13 | 23/07/2012 |
| 2013-14<br>2014-15<br>2015-16 | 06/06/2015 |
| 2016-17 | 22/03/2016 |
| 2017-18 | 15/04/2017 |

| | | | |
|---|---|---|---|
| **ബി)** | ഇവിടെ അപ്പാരൽ പാർക്ക് ആരംഭിക്കാൻ കഴിയാത്തത് എന്തുകൊണ്ട്; ആയത് പ്രവർത്തിപ്പിക്കാൻ കഴിയില്ലെങ്കിൽ ഇതിനായി വിട്ടുകിട്ടിയ ഭൂമിയിൽ മറ്റെന്തെങ്കിലും വ്യവസായങ്ങൾ നടത്താൻ കഴിയാത്തതിന്റെ കാരണം വെളിപ്പെടുത്താമോ; | **ബി)** | റവന്യൂ വകുപ്പിന്റെ ഉത്തരവ് പ്രകാരം അനുവദിച്ച ആവശ്യത്തിന് മാത്രമെ ഭൂമി ഉപയോഗിക്കാൻ പാടുള്ളു എന്നതാണ് വ്യവസ്ഥ. അപ്പാരൽ പാർക്ക് സ്ഥാപിക്കുന്നതിനു വേണ്ടി 30 വർഷത്തേക്ക് പാട്ട വ്യവസ്ഥയിലാണ് ഭൂമി നല്കിയിട്ടുള്ളത്. കേരളത്തിൽ കൂടുതൽ അപ്പാരൽ പാർക്ക് തുടങ്ങുക പ്രായോഗികമല്ലെന്നും കുറഞ്ഞ വേതനത്തിൽ ജോലിക്കാരെ ലഭിക്കാത്ത സാഹചര്യത്തിൽ മറ്റേതെങ്കിലും പദ്ധതിയാണ് അവിടെ യോജിച്ചതെന്നും 17/7/2014-ൽ ബഹു.വ്യവസായ വകുപ്പ് മന്ത്രിയുടെ അദ്ധ്യക്ഷതയിൽ വിലയിരുത്തുകയുണ്ടായി. ഇതിന്റെ അടിസ്ഥാനത്തിൽ പ്രസ്തുത സ്ഥലത്ത് ഒരു വ്യവസായ കെട്ടിട സമുച്ചയം നിർമ്മിക്കാൻ കിൻഫ്രക്ക് പദ്ധതിയുണ്ട്. |
| **സി)** | വ്യവസായ പിന്നോക്ക ജില്ലയായ പത്തനംതിട്ടയിൽ വ്യവസായ രംഗത്ത് വൻ കുതിപ്പ് പകരാൻ കഴിയുന്ന പ്രസ്തുത പദ്ധതി പ്രാവർത്തികമാക്കുവാൻ എന്തെല്ലാം നടപടികൾ സ്വീകരിക്കാനാണ് ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ? | **സി)** | റാന്നിയിൽ കിൻഫ്രക്ക് ലഭിച്ച ഭൂമിയിൽ വ്യവസായ നിക്ഷേപം കൊണ്ടുവരുന്നതിന്റെ ഭാഗമായി 17000 ചതുരശ്ര അടി വിസ്തീർണ്ണമുള്ള ഒരു ഫാക്ടറി കെട്ടിട സമുച്ചയം നിർമ്മിക്കുന്നതിന് 29/10/2018 ൽ ചേർന്ന ചീഫ് സെക്രട്ടറി അദ്ധ്യക്ഷനായ കിൻഫ്ര ബോർഡ് അനുമതി നല്കിയിട്ടുണ്ട്. ഇതു പ്രകാരം പദ്ധതി നടപ്പിലാക്കുന്നതിന് കൺസൾട്ടന്റിനെ നിയമിക്കുന്നത് ഉൾപ്പെടെയുള്ള തുടർ നടപടികൾ കിൻഫ്ര സ്വീകരിച്ചു വരുന്നു. |

**സെക്ഷൻ ഓഫീസർ**